# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
# KERALA STATE LITERACY MISSION AUTHORITY

T.C. 24/1862, Thycaud P.O. Thiruvananthapuram - 14

Ph : Off. (0471) 2322253 / 2322254 Tele-Fax : (0471) 2322252 E-mail : literacy@asianetindia.com


## പ്രസിദ്ധീകരണത്തിന്

29/05/09

സ്വീകർത്താവ് :

........................................................

........................................................

## തുല്യത 'എ' ലെവൽ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് നടത്തുന്ന പത്താം തരം തുല്യത എ ലെവൽ കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ഔപചാരിക ഏഴാം ക്ലാസ്സോ തുല്യത ഏഴാം ക്ലാസ്സോ പാസായിട്ടുള്ള 17 വയസ് ജൂൺ 1ന് പൂർത്തിയായിട്ടുള്ളതുമായ ഏതൊരാൾക്കും ഈ കോഴ്സിൽ ചേരാവുന്നതാണ്. എസ്. എസ്. എൽ. സി. പുതിയ സ്കീം (ഗ്രേഡിംഗ് സിസ്റ്റത്തിൽ പരീക്ഷ എഴുതി തോറ്റവർ ഈ കോഴ്സിന് അപേക്ഷിക്കാൻ അർഹരല്ല). കോഴ്സ് നടത്തുന്നത് സംസ്ഥാന സാക്ഷരതാമിഷനും പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയുടെ ചുമതല സംസ്ഥാന പൊതുപരീക്ഷ ബോർഡിനുമാണ്.

കോഴ്സ്ഫീസ് 1200 രൂപയും പരീക്ഷ ഫീസ് 500 രൂപയും ഉൾപ്പെടെ ആകെ 1700 രൂപയാണ് ഫീസ്. അപേക്ഷാ ഫീസിനു 100 രൂപ.

കോഴ്സിനപേക്ഷിക്കുന്നവർ, സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 1200 രൂപയുടെ ഡി.ഡി.യും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അപേക്ഷാഫാറം സംസ്ഥാന ഓഫീസ്, ജില്ലാ ഓഫീസുകൾ തുടർവിദ്യാകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷാഫാറം തപാലിൽ ലഭിക്കേണ്ടവർ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡി.ഡി.യും സ്വന്തം മേൽവിലാസം എഴുതി 15 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച കവറും (10.5 x 7 ഇഞ്ച്), സഹിതം ജില്ലാ സാക്ഷരതാമിഷൻ ഓഫീസിലേക്കോ സംസ്ഥാന സാക്ഷരതാമിഷൻ ഓഫീസിലേക്കോ അയക്കേണ്ടതാണ്.

അപേക്ഷാഫാറം സാക്ഷരതാമിഷന്റെ literacy missionkerala.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അപ്രകാരം അപേക്ഷിക്കുന്നവർ കോഴ്സ് ഫീസിനോടൊപ്പം രജിസ്ട്രേഷൻ ഫീസായി 100 രൂപയുടെ ഡി.ഡി. കൂടി നൽകേണ്ടതാണ്. എസ്.സി./എസ്.ടി പഠിതാക്കളുടെ ഫീസ് ബന്ധപ്പെട്ട വകുപ്പാണ് അടയ്ക്കുന്നത്. ആ വിഭാഗത്തിൽപ്പെട്ട അപേക്ഷകർ ജാതി തെളിയിക്കുന്ന ആധികാരിക രേഖ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

ജൂൺ 1 മുതൽ ജൂലൈ 31 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. എല്ലാ ജില്ലകളിലും സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ ആഗസ്റ്റ് മുതൽ സമ്പർക്ക പഠന ക്ലാസുകൾ ആരംഭിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് സംസ്ഥാന സാക്ഷരതാമിഷൻ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടുക.

***ഫോൺ :*** സംസ്ഥാന സാക്ഷരതാമിഷൻ - 0471 2322254, 2322253

| | | |
|---|---|---|
| തിരുവനന്തപുരം - 0471 2556740 | കൊല്ലം - 0474 2798020 | പത്തനംതിട്ട - 0468 2220799 |
| ആലപ്പുഴ - 0477 2252095 | കോട്ടയം - 0481 2302055, | ഇടുക്കി - 0486 2232294 |
| എറണാകുളം - 0484 2426596 | തൃശ്ശൂർ - 0487 2365024 | പാലക്കാട് - 0491 2505179 |
| മലപ്പുറം - 0483 2734670 | കോഴിക്കോട് - 0495 2370053 | വയനാട് - 04936 202091 |
| കണ്ണൂർ - 0497 2707699 | കാസർഗോഡ് - 04994 255507 | |

പി. ആർ. ഒ.